## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2509 19.12.2012-ൽ മറുപടിയ്ക്ക്

### ഡയാലിസിസ് സെൻറർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ജില്ലകളിലാണ് പുതിയതായി ഡയാലിസിസ് സെൻറർ ആരംഭിച്ചതെന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജനറൽ ആശുപത്രി, ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്ക് ആശുപത്രി, തൃശ്ശൂർ ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് 2011 -12 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി. കോട്ടയം ജില്ലാ ആശുപത്രി. ആലുവ താലൂക്ക് ആശുപത്രി, ഹരിപ്പാട് താലൂക്ക് ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>എൻ. ആർ. എച്ച്. എം. പദ്ധതി പ്രകാരം 2012 13 സാമ്പത്തിക വർഷം ജില്ലകളിലെ മേജർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ 210 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന കൊല്ലം (35 ലക്ഷം) പത്തനംതിട്ട (22 ലക്ഷം), എറണാകുളം (40 ലക്ഷം), തൃശ്ശൂർ (25 ലക്ഷം), പാലക്കാട് (25 ലക്ഷം), കോഴിക്കോട് (23 ലക്ഷം), വയനാട് (40 ലക്ഷം) ജില്ലകൾക്ക് ഈ തുക അനുവദിച്ചിട്ടുണ്ട്. |
| (ബി | എല്ലാ ജില്ലകളിലും ഡയാലിസിസ് സെൻറർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ബി) | ഡയാലിസിസ് സെൻററുകൾ നിലവിലില്ലാത്ത എല്ലാ ജില്ലകളിലും ഇവ ആരംഭിക്കണമെന്നുള്ളതാണ് സർക്കാരിന്റെ നയം. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി ഇത് നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ